I/41215/2023

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ.ശ്രീകുമാർ.ബി)

വിഷയം :- ഡിഇഎസ് - ഇടുക്കി ജില്ലയിൽ സോണുകൾ പുനക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 13.06.2023-ലെ റ്റി 1-2082/2022/ഡിഐെ നമ്പർ കത്ത്
2. ഈ ഓഫീസിലെ 30.06.2023-ലെ ഇതേ നമ്പർ ഉത്തരവ്
3. ഇ.എ.ആർ.എ.എസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. രാധാകൃഷ്ണപിള്ള.ആർ സമർപ്പിച്ച റിപ്പോർട്ട്

**ഉത്തരവ് നമ്പർ:ഡിഇഎസ്/2838/2023-എ1(ഇ.എ.ആർ.എ.എസ്) ;**

**തീയതി: 10-07-2023**

ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് രൂപീകരിച്ചതുമായി ബന്ധപ്പെട്ട് ജില്ലയിലെ സോണുകൾ പുന:ക്രമീകരിക്കേണ്ടതുണ്ട് എന്ന് ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ല സന്ദർശിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ ഇ.എ.ആർ.എ.എസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.രാധാകൃഷ്ണപിള്ള.ആർ-നെ നിയോഗിച്ച് കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പരാമർശം 3 പ്രകാരം ശ്രീ.രാധാകൃഷ്ണപിള്ള.ആർ, അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ ഇ.എ.ആർ.എ.എസ് ജോലികൾ സുഗമമവും കാര്യക്ഷമവുമാക്കുന്നതിലേക്കായി ചുവടെ പറയും പ്രകാരം ജില്ലയിലെ സോണുകൾ പുനക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഇ.എ.ആർ.എ.എസ്-മായി ബന്ധപ്പെട്ട എല്ലാ രേഖകളിലും സോഫ്റ്റ്-വെയറിലും ടി മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. അടിമാലി 4 (ബൈസൺവാലി, കൊന്നത്തടി) എന്ന സോൺ വിഭജിച്ച് അടിമാലി- 4 (ബൈസൺവാലി), അടിമാലി - 5 (കൊന്നത്തടി) എന്നിങ്ങനെ രണ്ട് സോണുകളാക്കുന്നു.
2. അടിമാലി- 4 (ബൈസൺവാലി) സോൺ ഉടുമ്പൻചോല താലൂക്കിലും, അടിമാലി – 5 (കൊന്നത്തടി) സോൺ ഇടുക്കി താലൂക്കിലും ഉൾപ്പെടുത്തുന്നു.
3. ഇടുക്കി താലൂക്കിലെ കട്ടപ്പന – 3 (അയ്യപ്പൻകോവിൽ), കട്ടപ്പന – 4 (കാഞ്ചിയാർ) എന്നീ സോണുകൾ യോജിപ്പിച്ച് കട്ടപ്പന – 3 (അയ്യപ്പൻകോവിൽ, കാഞ്ചിയാർ) എന്ന രീതിയിൽ സോൺ പുന:ക്രമീകരിക്കുന്നു.
4. പീരുമേട് താലൂക്കിലെ കട്ടപ്പന – 5 (ഉപ്പുതറ) സോൺ കട്ടപ്പന – 4 (ഉപ്പുതറ) എന്ന് പുനർനാമകരണം ചെയ്യുന്നു.

Signed by
Sreekumar B
Date: 10-07-2023 07:28:02

SREEKUMAR B

DIRECTOR(FULL ADDITIONAL CHARGE) DES

ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ഇടുക്കി

I/41215/2023

പകർപ്പ് :- 1. ഡയറക്ടറുടെ സി.എ

2. എല്ലാ അഡീഷണൽ ഡയറക്ടർമാരുടെ സി.എ
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
4. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വകുപ്പ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, സോഫ്റ്റ്-വെയറുകളിൽ മാറ്റം വരുത്തുന്നതിനും)
5. കരുതൽ ഫയൽ